കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം

* 464. [27] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിനു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷികോൽപ്പന്നങ്ങളുടെ ഓരോന്നിന്റെയും കയറ്റുമതി നിലവാരം കഴിഞ്ഞ വർഷത്തിൽ ഓരോ മാസവും എന്തായിരുന്നുവെന്നു കാണിക്കുന്ന സ്റ്റേറ്റുമെന്റു മേശപ്പുറത്തു് വയ്ക്കുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

† സ്റ്റേറ്റുമെന്റു് മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

വെറ്ററിനറി ഡിസ്പെൻസറികൾ

* 465. [29] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേജു് ഒന്നു് ബ്ലോക്കുകളുടെ കാലാവധി അവസാനിച്ചതോടെ അവയുടെ കീഴിൽ പ്രവർത്തിച്ചുവന്ന വെറ്ററിനറി ഡിസ്പെൻസറികളും, സബു് സെൻറുകളും ഡിപ്പാർട്ടുമെൻറിലേക്കു് മാറ്റിക്കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഓരോ ബ്ലോക്കുംഅതിൽത്തിയിലും ഓരോ Cattle Development Centre സ്ഥാപിക്കാനുള്ള ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ബ്ലാക്കിന്റെ കീഴിലുള്ള സബു് സെൻറുമായി യോജിപ്പിച്ചു് പ്രസ്തുത സെൻറുകളും സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) സ്റ്റേജു് ഒന്നു് ബ്ലാക്കുകളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്കു് അവയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന വെറ്ററിനറി ഡിസ്പെൻസറികളും, സബു് സെൻറുകളും ഡിപ്പാർട്ടുമെൻറിലേക്കു് മാറ്റുകയാണു് പതിവു്. അപ്രകാരം കാലാവധി തീർന്നിട്ടുള്ള എല്ലാ ബ്ലാക്കുകളിലേയും ഡിസ്പെൻസറികളും, സബു് സെൻറുകളും മാറ്റിക്കഴിഞ്ഞിട്ടുണ്ടു്.

(ബി) ഇപ്രകാരം Cattle Development Centre സ്ഥാപിക്കുന്നതിനു് ഇപ്പോൾ ഉദ്ദേശമില്ല.

(സി) ബി പാർട്ടിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS

ടാവലേഴ്സു് ബംഗ്ലാവു് നിർമ്മാണത്തിനുള്ള അനുവാദം

70. [1] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരപ്പനങ്ങാടിയിലെ ടാവലേഴ്സു് ബംഗ്ലാവു് നിർമ്മാണത്തിനുള്ള അഡ്മിനിസ്ട്രേറ്റീവു് സാംഗ്ഷൻ ഇതുവരെയും കൊടുത്തിട്ടില്ലേ ;

(ബി) ഇനിയെങ്കിലും ഇതിന്റെ നിർമ്മാണം ആരംഭിക്കുവാൻ അടിയന്തിര നടപടിയെടുക്കുമോ ?

† Appendix III

LIBRARY ARCHIVES Kerala Legislative Assembly